***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471- 2305393
തീയതി: 22.12.2022

## "കൈക്കൂലി വാങ്ങുന്നതിനിടെ ഡോക്ടർ വിജിലൻസ് പിടിയിൽ"

ഇടുക്കി ജില്ലയിലെ, തൊടുപുഴ താലൂക് ആശുപത്രിയിലെ ഡോക്ടർ മായാ രാജ് 3,500/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (22.12.2022) വിജിലൻസ് പിടിയിലായി.

ഇടുക്കി വഴിത്തല സ്വദേശിയുടെ ഭാര്യയുടെ ഗർഭപാത്രം മാറ്റുന്നതിലേക്കായി കഴിഞ്ഞ ആഴ്ച പരാതിക്കാരന്റെ ഭാര്യയെ തൊടുപുഴ താലൂക് ആശുപത്രിയിൽ പ്രവേശിപ്പിച്ച് അഡ്മിറ്റ് ആക്കിയശേഷം ഈക്കഴിഞ്ഞ തിങ്കളാഴ്ച ഓപ്പറേഷൻ നടത്തിയിരുന്നു. തുടർന്ന് കൈക്കൂലി നൽകാത്തതിനാൽ കഴിഞ്ഞ ദിവസങ്ങളിലൊന്നും രോഗിയെ ഡോക്ടർ ശ്രദ്ധിക്കാത്തതിനെത്തുടർന്ന് രോഗിയുടെ ഭർത്താവ് ഡോക്ടറെ സമീപിച്ചപ്പോൾ " ബാക്കിയുള്ളവരൊന്നും പറഞ്ഞില്ലേ എന്നും, 5,000/-രൂപ രൂപ കൈക്കൂലി വേണമെന്നും " ആവശ്യപ്പെട്ടു. ഇക്കാര്യം പരാതിക്കാരൻ വിജിലൻസ് കോട്ടയം കിഴക്കൻ മേഖല സൂപ്രണ്ട് ശ്രീ. വി .ജി വിനോദ് കുമാറിനെ വിവരം അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഇടുക്കി വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.ഷാജുജോസിന്റെ നേതൃത്വത്തിലുള്ള സംഘം കെണിയൊരുക്കി ഇന്ന് സന്ധ്യക്ക് 6.30 മണിയോടെ ഡോക്ടറുടെ പാലക്കുഴിയിലുള്ള വീട്ടിൽ വച്ച് 3,500/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയ്യോടെ അറസ്റ്റ് ചെയ്യുകയാണ് ഉണ്ടായത്.

ഡോക്ടറുടെ ആവശ്യപ്രകാരം 5,000/- രൂപ കൈക്കൂലി നൽകിയെങ്കിലും പരാതിക്കാരന്റെ വീട്ടിലെ സാമ്പത്തികസ്ഥിതി ഡോക്ടറോട് വിശദീകരിച്ചതിനെത്തുടർന്ന് ദയ തോന്നി 1,500/- രൂപ ബിജുവിനെ തിരിച്ചേല്പിക്കുകയും ചെയ്തു.

വിജിലൻസ് സംഘത്തിൽ വിജിലൻസ് ഇടുക്കി യൂണിറ്റ് ഡി.വൈ.എസ്.പി-ശ്രീ.ഷാജുജോസിനെ കൂടാതെ, ഇൻസ്പെക്ടർമാരായ ഡിക്സൺ, മഹേഷ് പിള്ള, കിരൺ എന്നിവരും സബ് ഇൻസ്പെക്ടർമാരായ ഷാജി കുമാർ, സന്തോഷ് കോട്ടയം വിജിലൻസ് യൂണിറ്റിലെ സ്റ്റാൻലി തോമസ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ബേസിൽ, സഞ്ചയ് എന്നിവരും സിവിൽ പോലീസ് ഓഫീസറായ മൈദീൻ, അജയകുമാർ, സന്ദീപ്, അരുൺ എന്നിവരും ഉണ്ടായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ നാളെ (23.12.2022) മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

അഴിമതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ ആയ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പറിലോ വാട്സാപ്പ് നമ്പർ ആയ 9447789100 എന്ന നമ്പറിലോ എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ മനോജ് എബ്രഹാം ഐപിഎസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.